# 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

<u>പീഠിക</u>.—2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഫെബ്രുവരി 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>3-ാം വകുപ്പിനുള്ള ഭേദഗതി</u>.—2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ (2014-ലെ 5) 3-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, (ബി) ഖണ്ഡത്തിൽ "മറ്റൊരു" എന്ന വാക്കിനുപകരം "ഒരു" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

KNPP. 331/2017.